**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*54 — 29.06.2016 ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.വി.ആർ.സുനിൽകുമാർ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തുള്ള പരമ്പരാഗത വ്യവസായങ്ങൾ തകർച്ച നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയെ സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. കൈത്തറി മേഖലയിൽ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും ഇൻകം സപ്പോർട്ട് സ്കീമും നടപ്പാക്കി വേതന വർദ്ധനവ് വരുത്തി തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും സാങ്കേതിക സഹായവും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായവും നൽകിവരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും അതുവഴി ഉൽപ്പാദന വർദ്ധനവും വേതന വർദ്ധനവും കൈവരിച്ചുവരുന്നു.

കരകൗശല മേഖലയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ കേരള കരകൗശല വികസന കോർപറേഷൻ, കാഡ്കോ, കേരള സംസ്ഥാന ബാംബൂ കോർപറേഷൻ, സുരഭി, കെൽപാം എന്നീ സ്ഥാപനങ്ങൾ വഴി സർക്കാർ സ്വീകരിച്ചു വരുന്നു. വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ മേഖലയിലെ കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഖാദി വ്യവസായം സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ നൽകുന്ന വാർഷിക പദ്ധതി വിഹിതമുപയോഗിച്ച് പുതിയ വർക്ക്ഷെഡുകളുടെ നിർമ്മാണം, പുതിയ

ചർക്കകളും തറികളും സ്ഥാപിക്കൽ, ഖാദി തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവ്, ഉത്സവബത്ത നൽകൽ തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലയിൽ പണിയെടുത്തിരുന്ന തൊഴിലാളികൾ തൊഴിൽ ഉപേക്ഷിച്ചു പോകുന്നത് തടയുവാനും അവരുടെ ക്ഷേമം ഉറപ്പുവരുത്തുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവരെ പ്രസ്തുത മേഖലയിൽ നിലനിർത്തുന്നതിനുമായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത കൈത്തറി മേഖലയിൽ പ്രൊഡക്ഷൻ ഇൻസെന്റീവും ഇൻകം സപ്പോർട്ട് സ്കീമും വഴി വേതന വർദ്ധനവ് വരുത്തി തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുന്നതിന് പദ്ധതികൾ നടപ്പാക്കി വരുന്നു. തൊഴിലാളികൾക്ക് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും സാങ്കേതിക സഹായവും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായവും നൽകുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനത്തിലൂടെ ഉയർന്ന വേതനം ലഭ്യമാക്കുന്നതിന് സഹായിക്കുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും അതുവഴി ഉൽപാദന ക്ഷമത വർദ്ധിക്കുകയും വേതനം വർദ്ധിക്കുകയും ചെയ്യുന്നു.

കരകൗശല മേഖലയിൽ ഉൽപ്പാദന ക്ഷമതയിലെ കുറവും സാങ്കേതിക വൈദഗദ്ധ്യത്തിന്റെ കുറവും മെച്ചപ്പെട്ട പണിയായുധങ്ങളുടെ അഭാവവും പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റേയും കേന്ദ്രസർക്കാ രിന്റേയും വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരകൗശല മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കുടുംബാംഗങ്ങൾക്ക് അനുബന്ധമേഖലയിൽ വിദഗ്ദ്ധപരിശീലനം നൽകി സ്വയം സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

സർക്കാർ അനുവദിക്കുന്ന വാർഷിക പദ്ധതി വിഹിതം ഉപയോഗിച്ച് നെയ്ത്ത് മേഖലയിലും നൂൽപ്പ് മേഖലയിലുമുള്ള തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്നതിനും ഉൽപ്പാദന ഇൻസെന്റീവ് നൽകുന്നതിനും ഉൽസവ ബത്ത അനുവദിക്കുന്നതിനും കേരള ഖാദി

ഗ്രാമവ്യവസായ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഗ്രാമവ്യവസായ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് ധനസഹായം നൽകി പരമ്പരാഗത വ്യവസായങ്ങൾ നിലനിർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ